ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജലസേചന വകുപ്പിൽ 37, ഭൂജല വകുപ്പിൽ 12, വാട്ടർ അതോറിറ്റിയിൽ 27 എന്നീ ക്രമത്തിൽ മൊത്തം 76 താല്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീം

75 (3284) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ :

(ബി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും ഏതെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) എന്നാണ് ഈ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീം 2006 ഫെബ്രുവരി മാസത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇൻടേക്ക്‌വെൽ, രണ്ട് ഭൂതല സംഭരണികൾ, ഒരു ഉന്നതതല സംഭരണി എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ 124 കി.മീ. എന്നിവയുടെ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 31-12-2006-ൽ പദ്ധതി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ഡി) 1992-ൽ.

LIBRARY ARCHIVES Kerala Legislative Assembly